# Mist

Collection of Daily News

Half Yearly Current Affairs-2023 (July-December)

| | | |
|---|---|---|
| *Publisher* | : | Preamble Education Group |
| *Director* | : | Azhar Azeez |

Mist

| | | |
|---|---|---|
| *Project Manager* | : | Ajmal Azeez |
| *Editor* | : | Ajmal Azeez |
| *Content Creation* | : | Team Preamble |
| *Proof Reading* | : | Reenu Jacob Roy |
| *Cover Designer* | : | Rajesh Kamalu |
| *Printed at* | : | Thushara Offset |
| *Publishing Date* | : | 23/01/2024 |

**Price : 190/-**

*Published and Marketed by:*
**Preamble Education Group**
Gandhari Amman Kovil Road, Pulimood, Thiruvananthapuram, Kerala.
9020507120, 9995897120

*e-mail:* preambleias@gmail.com
*Visit us:* www.preambleias.com

No part of this publication may be reproduced or transmitted in any form or by any means, electronic, mechanical, photocopying, recording, or otherwise, or stored in a database or retrieval system without the prior written permission of the publishers.
*Warning:* The unauthorised reproduction or redistribution of this book is illegal.

*Write to us at:* info@preambleias.com
*Phone:* 9995897120

# Director's Note

**"An investment in knowledge pays the best interest."**

Preamble Edu Group നെ നിങ്ങളുടെ പരീക്ഷ പരിശീലന സുഹൃത്തായി തിരഞ്ഞെടുത്തതിന് ആദ്യമായി നന്ദി പറയുന്നു. പരീക്ഷാ തയ്യാറെടുപ്പ് എളുപ്പവും കാര്യക്ഷമവുമാക്കുന്നതിന് ഗുണനിലവാരമുള്ള മെറ്റീരിയലുകൾ പുറത്തുകൊണ്ടുവരാനുള്ള അഭിനിവേശം ഞങ്ങൾ പങ്കിടുന്നു.

KAS (കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്) ഡിഗ്രി ലെവൽ, LDC പരീക്ഷകളെ പൂർണ്ണമായും മനസ്സിലാക്കിയും, മാറുന്ന പരീക്ഷ ഘടനക്കനുസരിച്ചു  പഠന സാമഗ്രികൾ തയ്യാറാക്കുന്ന കേരളത്തിലെ ഏക സ്ഥാപനമെന്ന നിലയിൽ, Preamble  പ്രസിദ്ധീകരിക്കുന്ന പുതിയ കറന്റ് അഫയേഴ്സ് മാഗസിനാണ് - " മിസ്റ്റ്". കേരള പിഎസ്‌സി, എസ്എസ്‌സി പരീക്ഷകൾക്കായി കറന്റ് അഫയേഴ്സ് തിരയുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും ഒരു സഹായകരമായ ഉറവിടമാണ് "മിസ്റ്റ്". 2023 ജൂലൈ മുതൽ 2023 ഡിസംബർ വരെയുള്ള ആനുകാലിക വാർത്തകൾ ഉൾപ്പെടുത്തിയാണ് "മിസ്റ്റ്" പ്രസിദ്ധീകരിക്കുന്നത്.

പത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സർക്കാർ വെബ്സൈറ്റുകൾ, സർക്കാരിന്റെയും മറ്റ് സംഘടനകളുടെയും പ്രസിദ്ധീകരണങ്ങൾ എന്നിവയുൾപ്പെടെ ഏറ്റവും വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നാണ് ഈ പുസ്തകത്തിൽ ഉള്ളടക്കങ്ങൾ വിശദീകരിച്ചിരിക്കുന്നത് .  വിപുലമായ ഗവേഷണത്തിന്റെ അടിസ്ഥാനത്തിലാണ് പരിചയസമ്പന്നരായ അധ്യാപകർ ഈ പുസ്തകം തയ്യാറാക്കിയത്. എൽ.ഡി.സി, എൽ.ജി.എസ്, 12th  ലെവൽ, ഡിഗ്രി ലെവൽ, കെ.എ.എസ്, Research Assistant പരീക്ഷകളുടെ തയ്യാറെടുപ്പുകൾക്ക് "മിസ്റ്റ്" ഒരു ഉൾക്കാഴ്ച നൽകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ മാഗസിനിൽ മാതൃകാ ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

Preamble ന്റെ കെ.എ.എസ് പഠന സാമഗ്രികളും ഡിഗ്രി ലെവൽ ടെസ്റ്റ് സീരീസും സ്വീകരിച്ച് വൻ വിജയമാക്കിയതിന് എല്ലാവരോടും നന്ദിപറയുന്നു.

നിങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളുമാണ്  മുന്നോട്ട് പോകാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത്, അതിനാൽ ഞങ്ങളുടെ വളർച്ചയുടെ ഒരോ ഘട്ടത്തിലും  നിങ്ങളുടെ ശക്തമായ പിന്തുണ പ്രതീക്ഷിക്കുന്നു.

നിങ്ങളിലെ ആവേശം ഞങ്ങളുടെ മൂല്യങ്ങളിൽ ഒരിക്കലും വിട്ടുവീഴ്ച ചെയ്യാതിരിക്കാൻ ഞങ്ങളെ പ്രചോദിപ്പിക്കുന്നു.

**Start Investing in You.**

# എന്തുകൊണ്ട് വിശദമായ കറന്റ് അഫയേഴ്സ് പഠനം?

2024 ജനുവരി 20-ാം തീയതി നടന്ന 10th ലെവൽ പ്രീലിമിനറി പരീക്ഷയിൽ (013/2024) ചോദിച്ച ചോദ്യങ്ങളും കഴിഞ്ഞ ആറുമാസത്തെ ആനുകാലിക വിവരങ്ങളിൽ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയ വാർത്തകളും താരതമ്യത്തിനായി ചുവടെ കൊടുത്തിരിക്കുന്നു.

**2.** ചാന്ദ്രയാൻ-3 ന്റെ ലാൻഡറിലെ പേലോഡുകളിൽ ഉൾപ്പെടാത്തത്

(A) RAMBHA-LP (B) SHAPE

(C) ChaSTE (D) ILSA

*August 24*

**ചന്ദ്രയാൻ 3 വിജയം**

- ഇന്ത്യയുടെ അഭിമാന ചാന്ദ്രദൗത്യം ചന്ദ്രയാൻ 3 **ഓഗസ്റ്റ് 23 6. 04 pm ചന്ദ്രനെ തൊട്ടു.**
- **ജൂലായ് 14- ഉച്ചകഴിഞ്ഞ് 2.35-നാണ്** ചന്ദ്രയാൻ-3 പേടകം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽനിന്ന് മാർക്ക് -3 റോക്കറ്റിൽ കുതിച്ചുയർന്നത്.
- **ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിങ് നടത്തുന്ന നാലാമത്തെ രാജ്യമാണ് ഇന്ത്യ**. ചന്ദ്രനിൽ ഇതിനു മുൻപ് എത്തിയ രാജ്യങ്ങളാണ് റഷ്യ, യു.എസ്, ചൈന.

**Payloads**

**Propulsion module payload**

- Spectro-polarimetry of Habitable Planet Earth (SHAPE) to study the spectral and Polari metric measurements of Earth from the lunar orbit.

**Lander payloads**

- Chandra's Surface Thermophysical Experiment (ChaSTE) to measure the thermal conductivity and temperature; Instrument for Lunar Seismic Activity (ILSA) for measuring the seismicity around the landing site; Langmuir Probe (LP) to estimate the plasma density and its variations.

**Rover payloads**

- Alpha Particle X-ray Spectrometer (APXS) and Laser Induced Breakdown Spectroscope (LIBS)

**3.** 2021-ൽ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്ക്?

(A) സേതു (B) എം. മുകുന്ദൻ

(C) പി. വൽസല (D) എം.കെ. സാനു

*November 22*

**പി.വത്സല അന്തരിച്ചു**



- എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയും അധ്യാപികയുമായിരുന്ന പി. വത്സല അന്തരിച്ചു.
- **തിരുനെല്ലിയുടെ കഥാകാരിയെന്നറിയപ്പെട്ടിരുന്നു.**
- സാഹിത്യ അക്കാദമിയുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു.
- **2021-ലാണ് എഴുത്തച്ഛൻ പുരസ്കാരം നേടിയത്.**
- നെല്ലിന് കുങ്കുമം അവാർഡ് ലഭിച്ചു.
- എസ്.പി.സി.എസിന്റെ അക്ഷരപുരസ്കാരം, നിഴലുറങ്ങുന്ന വഴികൾക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം, സമഗ്രസംഭാവനയ്ക്കുള്ള പത്മപ്രഭാ പുരസ്കാരം, പുലിക്കുട്ടൻ എന്ന കൃതിക്ക് സംസ്ഥാന ബാലസാഹിത്യ അവാർഡ്, വിലാപത്തിന് സി.എച്ച്. അവാർഡ്, ലളിതാംബികാ അന്തർജനം അവാർഡ്, സി.വി. കുഞ്ഞിരാമൻ സ്മാരക മയിൽപ്പീലി അവാർഡ്, ബാലാമണിയമ്മയുടെ പേരിലുള്ള അക്ഷരപുരസ്കാരം, പി.ആർ. നമ്പ്യാർ അവാർഡ്, എം.ടി. ചന്ദ്രസേനൻ അവാർഡ്, ഒ. ചന്തുമേനോൻ അവാർഡ്, സദ്ഭാവന അവാർഡ് എന്നിവയ്ക്ക് അർഹയായി.

**6.** ഇന്ത്യ ദേശീയ ബഹിരാകാശ ദിനമായി ആചരിക്കാൻ തീരുമാനിച്ച ദിവസം ഏത്?

(A) ജൂലൈ-14  (B) ആഗസ്റ്റ്-23

(C) ആഗസ്റ്റ്-5  (D) ആഗസ്റ്റ്-17

## ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശദിനം



- ചന്ദ്രയാൻ-3 ചന്ദ്രോപരിതലത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തിയ ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശദിനമായി പ്രഖ്യാപിച്ചു.
- ചന്ദ്രയാൻ-3 ലാൻഡർ ചന്ദ്രോപരിതലത്തിൽ ലാൻഡ് ചെയ്ത സ്ഥലം ഇനി മുതൽ **ശിവശക്തി പോയന്റ്** എന്ന് അറിയപ്പെടുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. 'ശിവ' ക്ഷേമത്തിനുവേണ്ടിയുള്ള ദൃഢനിശ്ചയമാണ്. 'ശക്തി' ഇത് നേടിയെടുക്കുന്നതിനുള്ള ബലം നൽകും.
- വിജയിക്കാതെപോയ ദൗത്യമായ ചന്ദ്രയാൻ-2 ചന്ദ്രോപരിതലത്തെ സ്പർശിച്ചസ്ഥലം 'തിരംഗ' എന്നപേരിൽ അറിയപ്പെടും.

**9.** തിരുവിതാംകൂറിലെ രാജവാഴ്ചയുടെ അഴിമതികളെയും അനീതികളെയും വെളിച്ചത്ത് കൊണ്ടുവന്ന "സ്വദേശാഭിമാനി" പത്രത്തിന്റെ സ്ഥാപകൻ ആര്?

(A) കെ. രാമകൃഷ്ണപിള്ള  (B) ജി. സുബ്രഹ്മണ്യ അയ്യർ

(C) ഗോപാലകൃഷ്ണ ഗോഖലെ  (D) വക്കം അബ്ദുൽ ഖാദർ മൗലവി

## December 29

### വക്കം അബ്ദുൾ ഖാദർ മൗലവി



- ഡിസംബർ 28-ന് വക്കം മൗലവിയുടെ 150-ാം ജന്മദിനമാണ്.
- തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ വക്കം ഗ്രാമത്തിലെ പൂന്ത്രാംവിള എന്ന കുടുംബത്തിൽ, 1873 ഡിസംബർ 28-നാണ് ജനനം.
- 1905 ജനുവരി 19-ന് അഞ്ചുതെങ്ങിൽനിന്ന് '**സ്വദേശാഭിമാനി**' എന്ന പ്രതിവാരപത്രം ആരംഭിച്ചു.
- 'സ്വദേശാഭിമാനി'ക്ക് തൊട്ടുപിന്നാലെ സമുദായപരിഷ്കരണം മുൻനിർത്തി 'മുസ്ലിം' (1906) എന്ന മാസിക മൗലവി ആരംഭിച്ചിരുന്നു.
- 1918 ൽ **അൽ ഇസ്ലാം** എന്നൊരു മാസികയും ആരംഭിച്ചു.
- 1931-ൽ '**ഇസ്ലാമിയ പബ്ലിഷിങ് ഹൗസ്**' എന്നൊരു പ്രസിദ്ധീകരണശാല ആരംഭിച്ചു. അതേവർഷം 'ദീപിക' എന്നൊരു മാസികയും ആരംഭിച്ചു.
- അഖിലതിരുവിതാംകൂർ മുസ്ലിം മഹാജനസഭ, ചിറയിൻകീഴ് താലൂക്ക് മുസ്ലിം സംഘം, ... മുസ്ലിം സംഘം എന്നിവ വക്കം മൗലവിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട സംഘടനകള്...
- നബിമാർ, ഖുർആൻ വ്യാഖ്യാനം, ഇസ്ലാംമത സിദ്ധാന്തസംഗ്രഹം, ദൗ ഉസ്വബാഹ് തുടങ്ങ... മൗലവി, മലയാളം, അറബി, അറബി-മലയാളം ഭാഷകളിലായി രചിച്ച കൃതികളാണ്.
- വിദേശവാർത്തകൾക്കുവേണ്ടി ബ്രിട്ടീഷ് വാർത്താ ഏജൻസിയായ റോയിട്ടേഴ്സുമായി ... സ്ഥാപിച്ച കേരളത്തിലെ ആദ്യപത്രംകൂടിയായിരുന്നു സ്വദേശാഭിമാനി.
- '**ഭയകൗടില്യലോഭങ്ങൾ വളർത്തുകില്ലൊരു നാടിനെ**' എന്നതായിരുന്നു സ്വദേശാഭ... ...ത്രത്തിന്റെ ആപ്തവാക്യം.

**23.** ദേശീയഗാനം ആയ ജനഗണമന രചിച്ചത് ആര്?

(A) രവീന്ദ്രനാഥ ടാഗോർ  (B) മുഹമ്മദ് ഇക്ബാൽ

(C) ബങ്കിം ചന്ദ്ര ചാറ്റർജി  (D) ദേവേന്ദ്ര നാഥ ടാഗോർ

**24.** ദേശീയഗീതം ആയ വന്ദേമാതരം ആദ്യമായി പാടിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏത് സമ്മേളനത്തിൽ ആയിരുന്നു?

(A) കൽക്കത്ത കോൺഗ്രസ് സമ്മേളനം  (B) ത്രിപുര കോൺഗ്രസ് സമ്മേളനം

(C) കാക്കിനട കോൺഗ്രസ് സമ്മേളനം  (D) ആവഡി കോൺഗ്രസ് സമ്മേളനം

## ഡിസംബർ 27 - ദേശീയ ഗാനം ജനഗണമന ആദ്യമായി ആലപിക്കപ്പെട്ട ദിവസം

- ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ **കൊൽക്കത്ത സമ്മേളനത്തിൽ (1911)** ആയിരുന്നു ജനഗണമന ആദ്യമായി ആലപിക്കപ്പെട്ടത്.
- ശങ്കരാഭരണരാഗത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന ദേശീയ ഗാനത്തിന്റെ **രചന രവീന്ദ്രനാഥ ടാഗോർ ബംഗാളി ഭാഷയിലാണ്** നിർവഹിച്ചിരിക്കുന്നത്.
- 52 വാക്കുകളിലുള്ള നമ്മുടെ ദേശീയ ഗാനം ആലപിക്കേണ്ടത് 52 സെക്കന്റ് സമയം കൊണ്ടാണ്.
- ദേശീയ ഗാനങ്ങളെക്കുറിച്ചുള്ള പഠനമാണ് **ആന്തമെറ്റോളജി (Anthemetology).**

34. 2023-ൽ ഇന്ത്യ അധ്യക്ഷസ്ഥാനം വഹിച്ച 'ജി20', 2024-ൽ അധ്യക്ഷസ്ഥാനം വഹിക്കാൻ പോകുന്ന രാജ്യം ഏത്?

(A) അർജന്റീന (B) ബ്രസീൽ
(C) ഓസ്ട്രേലിയ (D) കാനഡ

*September 11*

**ജി 20 ഉച്ചകോടി സമാപിച്ചു**

- ഇന്ത്യ ആതിഥേയത്വം വഹിച്ച പതിനെട്ടാമത് ജി 20 ഉച്ചകോടിക്ക് സമാപനം. അടുത്ത ഉച്ചകോടിയുടെ ആതിഥേയരാകുന്ന ബ്രസീലിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ജി 20 ഔദ്യോഗികമായി അധ്യക്ഷപദവി കൈമാറി.
- **അടുത്ത ഉച്ചകോടി ബ്രസീലിലെ റിയോ ഡി ജനൈറോയിൽ നടക്കും.**

35. അന്തർദേശീയ സാഹോദര്യത്തിന് ഊന്നൽ നൽകാൻ ലക്ഷ്യമിട്ട് രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച സർവ്വകലാശാല?

(A) വിശ്വഭാരതി (B) അലഹബാദ്
(C) ജാമിയ മില്ലിയ ഇസ്ലാമിയ (D) കൊൽക്കത്ത

**ശാന്തിനികേതൻ യുനെസ്കോ ലോകപൈതൃകപട്ടികയിൽ**

- ബംഗാളിലെ വിഖ്യാത സർവകലാശാലാ കേന്ദ്രമായ ശാന്തിനികേതൻ യുനെസ്കോയുടെ ലോകപൈതൃകപ്പട്ടികയിൽ ഇടംനേടി.
- സൗദി അറേബ്യയിൽ ചേർന്ന യുനെസ്കോ ലോക പൈതൃക കമ്മിറ്റിയുടെ 45-ാം സെഷനിലാണ് തീരുമാനം എടുത്തത്.
- 1921 - ലാണ് രവീന്ദ്രനാഥ **ടാഗോർ വിശ്വഭാരതി സർവകലാശാല** സ്ഥാപിച്ചത്.

42. രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ മലയാളിയായ വനിതാ കായിക താരം?

(A) എം.ഡി. വൽസമ്മ (B) പി.ടി. ഉഷ
(C) ഷൈനി വിൽസൺ (D) അഞ്ജു ബോബി ജോർജ്ജ്

**ള്ളിക്കത്തോട് പഞ്ചായത്ത്**

വിവിധതലങ്ങളിലെ വികസനത്തിലൂടെ ഒരു ഗ്രാമത്തിനെ മാതൃകാഗ്രാമം അഥവാ ആദർശ് ഗ്രാമമാക്കി മാറ്റിയെടുക്കുക എന്ന **ലക്ഷ്യത്തോടെ കോട്ടയം പള്ളിക്കത്തോട് പഞ്ചായത്തിനെ പ്രധാനമന്ത്രിയുടെ സൻസദ് ആർദശ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്ത ഏറ്റെടുത്ത് പി ടി ഉഷ എം പി.**

അടിസ്ഥാനസൗകര്യ വികസനത്തിലുപരി പൗരന്മാരുടെ സഹകരണം, ദാരിദ്ര്യനിർമാർജനം, ലൈംഗിക സമത്വം, സ്ത്രീകളെ ബഹുമാനിക്കൽ, സാമൂഹ്യനീതി, സാമൂഹ്യസേവനത്തിനുള്ള സന്നദ്ധത, ശുചിത്വം, സ്വാശ്രയത്വം, മികച്ച തദ്ദേശ സ്വയംഭരണം, പൊതുജീവിതത്തിൽ സുതാര്യതയും അഴിമതിയില്ലായ്മയും എന്നിവയാണ് ഒരു ആദർശ് ഗ്രാമത്തിന്റെ മേന്മകൾ.

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, മാലിന്യ നിർമാർജനം, പ്രകൃതി സംരക്ഷണം തുടങ്ങിയ മേഖലകളിലെ സംയോജിത വികസനത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്.

**രാജ്യസഭയിലേക് നാമനിർദേശം ചെയ്യപ്പെട്ട ആദ്യ മലയാളിയായ വനിതാ കായിക താരമാണ് പി ടി ഉഷ.**

48. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വരയാടുകളെ സംരക്ഷിക്കുന്ന കേരളത്തിലെ ഉദ്യാനം ഏത്?

(A) ആനമുടി ചോല (B) സൈലന്റ് വാലി
(C) പെരിയാർ (D) ഇരവികുളം

**ഇരവികുളം ദേശീയോദ്യാനം**

- കേരളത്തിലെ ആദ്യ ദേശീയോദ്യാനം ആണ് ഇരവികുളം.
- ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ആണ് സ്ഥിതി ചെയ്യുന്നത്.
- വംശനാശഭീഷണി നേരിടുന്ന വരയാടുകളുടെ സംരക്ഷണത്തിനായി സ്ഥാപിച്ച ദേശീയോദ്യാനം ആണ് ഇരവികുളം.
- **തമിഴ്നാടിന്റെ സംസ്ഥാന മൃഗം ആണ് വരയാട്.**

50. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖം ഏത് താലൂക്കിലാണ് സ്ഥിതി ചെയ്യുന്നത് ?

(A) നെടുമങ്ങാട് (B) നെയ്യാറ്റിൻകര
(C) വർക്കല (D) ചിറയിൻകീഴ്

October 17

**വിഴിഞ്ഞം രാജ്യാന്തര തുറമുഖം**

- ഇന്ത്യയിലെ ആദ്യത്തെ മദർഷിപ്പ് പോർട്ടാണ് വിഴിഞ്ഞം.
- അന്താരാഷ്ട്ര തുറമുഖത്തിനു വേണ്ട മാനദണ്ഡങ്ങളായ അന്താരാഷ്ട്ര കപ്പൽപാതയുടെ സാമീപ്യം, തീരത്തുനിന്നും ഒരു നോട്ടിക്കൽ മൈൽ അകലം വരെ 24 മീറ്റർ മീറ്റർ സ്വാഭാവിക ആഴം തുടങ്ങിയവ തുറമുഖത്തിന്റെ സവിശേഷതകളാണ്.




- ഇന്ത്യയിലെ ഏറ്റവും ആഴമുള്ള തുറമുഖമായ സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരത്തെ **നെയ്യാറ്റിൻകര താലൂക്കിലാണ്.**
- ആയ് രാജവംശത്തിന്റെ ഭരണകാലത്ത് എട്ടാം നൂറ്റാണ്ടിലാണ് വിഴിഞ്ഞം തുറമുഖം വികസിക്കുന്നത്. ചോളന്മാരുടെ ആക്രമണത്തിൽ തുറമുഖം നശിച്ചു. ഏറെക്കാലത്തിന് ശേഷം വിഴിഞ്ഞത്ത് പുതിയ തുറമുഖം എന്ന ആശയം ആദ്യം മുന്നോട്ടുവച്ചത് തിരുവിതാംകൂർ ദിവാൻ രാമസ്വാമി അയ്യരാണ്.

59. 2024-ൽ നടക്കുന്ന ഒളിമ്പിക്സിന് വേദിയാകുന്ന നഗരം :

(A) പാരീസ് (B) ഫ്ലോറൻസ്
(C) ടോക്കിയോ (D) സിഡ്നി

**2024 പാരീസ് ഒളിമ്പിക്സ്**

- 33 -ാമത് ഒളിമ്പിക്സ് 2024 ജൂലായ് 26 ന് പാരീസിൽ തുടങ്ങും.
- **ഭാഗ്യചിഹ്നം -** ഫ്രഞ്ച് വിപ്ലവത്തിന്റെ ഓർമകളുമായി ബന്ധപ്പെട്ട **"ഫ്രീജെസ്"** ആണ് ഒളിമ്പിക്സിന്റെയും പാരാലിമ്പിക്സിന്റെയും ഭാഗ്യചിഹ്നം.
- ഫ്രഞ്ച് പതാകയുടെ നിറമായ ചുവപ്പ്, നീല, വെള്ള എന്നീ വർണ്ണങ്ങളിൽ ഫ്രീജെസ് തൊപ്പിയുടെ മാതൃകയിലാണ് ഭാഗ്യചിഹ്നം തയാറാക്കിയത്.
- **ആപ്തവാക്യം - "എല്ലാവരുടെയും ഗെയിംസ്"**



63. ഒരു ബാക്ടീരിയൽ പകർച്ചവ്യാധിയായ കുഷ്ഠം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുന്നത് ഏത് രീതിയിലാണ്?

(A) വായുവിലൂടെ (B) സമ്പർക്കം മുഖേന
(C) കൊതുക് മുഖേന (D) ആഹാരം, വെള്ളം എന്നിവയിലൂടെ

**ബാലമിത്ര 2.0**

രണ്ട് വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കിടയിലെ കുഷ്ഠരോഗം കണ്ടെത്തുന്നതിനായുള്ള 'ബാലമിത്ര 2.0' സെപ്റ്റംബർ 20-ന് തുടങ്ങും.

കുഷ്ഠരോഗം തുടക്കത്തിൽതന്നെ കണ്ടെത്തി ചികിത്സ നൽകി അംഗവൈകല്യവും രോഗപകർച്ചയും തടയുക എന്നതാണ് ലക്ഷ്യം.

**കുഷ്ഠരോഗം**

മൈക്കോ ബാക്ടീരിയം ലെപ്രേ എന്ന രോഗാണുവാണ് കുഷ്ഠരോഗം ഉണ്ടാക്കുന്നത്.

**ദീർഘകാലമുള്ള അടുത്ത സമ്പർക്കത്തിലൂടെയാണ് രോഗം പകരുക.**

ചർമ്മത്തിൽ ഉണ്ടാകുന്ന നിറം മങ്ങിയതോ, ചുവന്ന് തടിച്ചതോ, സ്പർശന ശേഷി കുറഞ്ഞതോ ആയ പാടുകളാണ് പ്രധാന രോഗലക്ഷണം.


സിലബസ്സിൽ നിന്നും ചോദിച്ചിട്ടുള്ള ചോദ്യങ്ങൾ പലതും ആനുകാലികവുമായി ബന്ധപ്പെട്ടിട്ടുള്ളതാനെന്ന് ചോദ്യം വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. അതിനാൽ തന്നെ കറന്റ് അഫയേഴ്സിൽ ഊന്നിയുള്ള വിശദമായ പഠനം പരീക്ഷക്ക് വരാൻ സാധ്യതയുള്ള പ്രധാനപ്പെട്ട ഭാഗങ്ങൾ എല്ലാം തന്നെ സമഗ്രമായി പഠിക്കുന്നതിനും അതുവഴി കൂടുതൽ മാർക്ക് വാങ്ങുന്നതിനും സഹായിക്കും.

ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള ആനുകാലിക വിവരങ്ങൾ പഠിച്ചതിനു ശേഷം അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ പരിശീലിക്കുക എന്നതാണ് അടുത്തപടിയായി ചെയ്യേണ്ടത്. അതിനായി ഓരോ മാസത്തേയും ആനുകാലിക വിവങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ചോദ്യങ്ങളും വിശദമായ ഉത്തരങ്ങളും അടങ്ങിയ പുസ്തകവും ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

# ജൂലൈ

Preamble
THINK FORWARD IN EDUCATION

# July 1




## NATIONAL DOCTORS DAY

National doctors day commemorates the birth and death anniversary of Dr. Bidhan Chandra Roy, West Bengal's second Chief Minister.

*The theme of National Doctors' Day 2023 is "Celebrating Resilience and Healing Hands."*

## തുഷാർ മേത്ത



- തുഷാർ മേത്തയെ ഇന്ത്യയുടെ **സോളിസിറ്റർ ജനറലായി** പുനർനിയമനം ചെയ്തു.
- മൂന്ന് വർഷത്തേക്കാണ് പുനർനിയമനം.

**സോളിസിറ്റർ ജനറൽ**

- സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ (SGI) രാജ്യത്തെ രണ്ടാമത്തെ ഉയർന്ന നിയമ ഉദ്യോഗസ്ഥനാണ്. അറ്റോർണി ജനറലിന്റെ കീഴിലാണ് സോളിസിറ്റർ ജനറൽ പ്രവർത്തിക്കുന്നത്.
- **കാബിനറ്റിന്റെ നിയമന സമിതി/ The Appointments Committee of the Cabinet (ACC) നിയമനം** ശുപാർശ ചെയ്യുകയും സോളിസിറ്റർ ജനറലിനെ ഔദ്യോഗികമായി നിയമിക്കുകയും ചെയ്യുന്നു.
- **സോളിസിറ്റർ ജനറൽ എന്നത് ഭരണഘടനാപരമല്ല, നിയമപരമായ (statutory body) സ്ഥാനമാണ്.**

**Attorney General**

Constitutional Body: **Article 76**

Present Attorney General: **R. Venkataramani**

## "Report Fish Disease" App

- ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ ആയ "റിപ്പോർട്ട് ഫിഷ് ഡിസീസ്" ഫിഷറീസ് & മൃഗസംരക്ഷണ മന്ത്രാലയം പുറത്തിറക്കി.
- അക്വാകൾച്ചർ വ്യവസായത്തിലെ രോഗ റിപ്പോർട്ടിംഗും നിരീക്ഷണവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നതാണു ഈ ആപ്ലിക്കേഷൻ.

| ഗ്ലോബൽ ഇന്ത്യൻ ഐക്കൺ ഓഫ് ദ ഇയർ അവാർഡ് | നീരജ് ചോപ്ര |
|---|---|
| • **ഗ്ലോബൽ ഇന്ത്യൻ ഐക്കൺ ഓഫ് ദ ഇയർ അവാർഡ് മേരി കോമിന് ലഭിച്ചു.**<br>മേരി കോം<br>• **വനിതാ ബോക്സിംഗിൽ ഇന്ത്യയുടെ ആദ്യ ഒളിമ്പിക്സ് മെഡൽ ജേതാവ് ആണ് മേരി കോം.**<br>• **2012 ലണ്ടൻ ഒളിമ്പിക് ഗെയിംസിൽ വെങ്കല മെഡൽ നേടി.**<br>• **മണിപ്പൂർ സ്വദേശി.**<br>• 2016 ൽ രാജ്യസഭാംഗമായി (എം.പി ) നാമനിർദ്ദേശം ചെയ്തു. | ലുസെയ്ൻ ഡയമണ്ട് ലീഗിൽ ജാവലിൻത്രോയിൽ 87.66 മീറ്റർ എറിഞ്ഞിട്ട നീരജ് ചോപ്രയ്ക്ക് ഒന്നാംസ്ഥാനം. |

## 'വീർ സവർക്കർ സേതു'

- വെർസോവ-ബാന്ദ്ര സീ ലിങ്കിന് 'വീർ സവർക്കർ സേതു' എന്ന് പേരിടും.
- ഇത് അന്ധേരിയെ ബാന്ദ്ര-വർളി സീ ലിങ്കിലേക്ക് ബന്ധിപ്പിക്കുന്നു.

## "അടൽ ബിഹാരി വാജ്പേയി സ്മൃതി ശിവ്ദി നവ സേവ അടൽ സേതു"

- മുംബൈ ട്രാൻസ് ഹാർബർ ലിങ്ക് (എം.ടി.എച്ച്.എൽ) "അടൽ ബിഹാരി വാജ്പേയി സ്മൃതി ശിവ്ദി നവ സേവ അടൽ സേതു" എന്ന് പുനർനാമകരണം ചെയ്യും.
- ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കടൽപ്പാലമാണിത്.
- ഇത് മുംബൈയെ നവി മുംബൈയുമായി ബന്ധിപ്പിക്കുന്നു.
- ആറുവരിയിലായി 22 കിലോമീറ്റർ ഉള്ള പാലം കടലിന് മുകളിലൂടെ 16.5 കിലോമീറ്ററും കരയ്ക്ക് മുകളിലൂടെ 5.5 കിലോമീറ്ററുമാണ്.

| ഏഷ്യൻ സ്ക്വാഷ് ചാമ്പ്യൻഷിപ്പ് , ഹാങ്ഷൗ (ചൈന) | ഏഷ്യൻ കബഡി ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യക്ക്. |
|---|---|
| • ദീപിക പള്ളിക്കലും ഹരീന്ദർ പാൽ സിംഗ് സന്ധുവും ഏഷ്യൻ മിക്സഡ് ഡബിൾസ് സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡൽ നേടി. | • കോണ്ടിനെന്റൽ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ എട്ടാം കിരീടമാണിത്.<br>• ഫൈനലിൽ ഇറാനെ ആണ് ഇന്ത്യ തോൽപിച്ചത്. |

## 'Panchayat Development Index'/ പഞ്ചായത്ത് വികസന സൂചിക

- കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം, പഞ്ചായത്ത് വികസന സൂചികയ്ക്ക് തുടക്കം കുറിച്ചു.
- പഞ്ചായത്ത് തലത്തിൽ വികസനം അളക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സ്ഥിതിവിവരക്കണക്ക് ഉപകരണമായിരിക്കും ഈ സൂചിക.
- പരീക്ഷണ അടിസ്ഥാനത്തിൽ, മഹാരാഷ്ട്രയിലെ പൂനെ, സാംഗ്ലി, സത്താറ, സോലാപൂർ എന്നീ നാല് ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ ആണ് ആദ്യം സമാഹരിച്ചത്.

| ഉത്തർപ്രദേശിൽ നിന്നുള്ള ഏഴ് വ്യത്യസ്ത ഉൽപ്പന്നങ്ങൾക്ക് ഭൂമിശാസ്ത്രപരമായ സൂചിക (ജിഐ) ടാഗ് ലഭിച്ചു. | |
|---|---|
| *'അംരോഹ ധോലക്',*<br>*'മഹോബ ഗൗര പത്തർ ഹസ്തഷ്ലിപ്',*<br>*'മെയിൻപുരി തർകാഷി',*<br>*'സാംബൽ ഹോൺ ക്രാഫ്റ്റ്',* | *'ബാഗ്പത് ഹോം ഫർണിഷിംഗ്സ്',*<br>*'ബരാബങ്കി കൈത്തറി ഉൽപ്പന്നം',*<br>*'കൽപി ഹാൻഡ്മേഡ് പേപ്പർ'* |

## ഹാപ്പിനസ് പാർക്ക്/ Happiness Park

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യവുമായി കേരള സർക്കാർ.

മാസത്തിൽ ഒരു ദിനം ഹാപ്പിനസ് ഡേ നടത്തണം എന്നും നിർദേശിച്ചു.

## കേരള സാഹിത്യ അക്കാദമി അവാർഡ് 2022

- ഡോ.എം.എം.ബഷീറും എൻ.പ്രഭാകരനും വിശിഷ്ടാംഗത്വം നൽകും.
  - അമ്പതിനായിരം രൂപയും രണ്ടു പവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം.
- വി.ഷിനിലാലിന്റെ '**സമ്പർക്കക്രാന്തി**' മികച്ച നോവലിനുള്ള പുരസ്കാരം നേടി.
- പി.എഫ്.മാത്യൂസിന്റെ '**മുഴക്കം**' ചെറുകഥയ്ക്കുള്ള പുരസ്കാരവും എൻ.ജി.ഉണ്ണികൃഷ്ണൻ എഴുതിയ '**കടലാസുമുദ്ര**' കവിതയ്ക്കുള്ള പുരസ്കാരവും കരസ്ഥമാക്കി.

